**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 268** **07-10-2024 - ൽ മറുപടിയ്ക്ക്**

**ആയുഷ് മേഖലയിലെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആയുഷ് മേഖലയിൽ ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | ആയുഷ് മേഖലയിൽ കേന്ദ്ര-സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്ന നാഷണൽ ആയുഷ് മിഷന്റെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് 2024-25 സാമ്പത്തിക വർഷം 207.93 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്.<br><br>ആയുഷ് മേഖലയിൽ 2024-25 സാമ്പത്തിക വർഷം കേരള സംസ്ഥാന പദ്ധതിയുടെ ഭാഗമായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് 4372 ലക്ഷം രൂപയും, ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 818 ലക്ഷം രൂപയും, ഭാരതീയ ചികിത്സാ വകുപ്പിന് സംസ്ഥാന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 5093 ലക്ഷം രൂപയും, ഹോമിയോപ്പതി വകുപ്പിന്റെ പദ്ധതികൾക്കായി സംസ്ഥാന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2354 ലക്ഷം രൂപയും, ബഡ്ജറ്റിൽ വകയിരുത്തി, ആയുഷ് മേഖലയിൽ ആകെ സംസ്ഥാന ബഡ്ജറ്റിൽ 12637 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ